# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

St. Aloysius L.P.S Venganoor

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : സെന്റ്. അലോഷ്യസ് എൽ. പി. എസ്. വെങ്ങാനൂർ

മേൽവിലാസം : വെങ്ങാനൂർ
കടച്ചൽകുഴി. പി. ഒ

സ്കൂൾ കോഡ് : 44238

വിദ്യാഭ്യാസ ഉപജില്ല : ബാലരാമപുരം

വിദ്യാഭ്യാസ ജില്ല : നെയ്യാറ്റിൻകര

റവന്യൂ ജില്ല : നെയ്യാറ്റിൻകര

ബി. ആർ. സി : ബാലരാമപുരം

ബ്ലോക്ക് പഞ്ചായത്ത് : അതിയന്നൂർ

ഗ്രാമപഞ്ചായത്ത് : വെങ്ങാനൂർ

നിയമസഭാമണ്ഡലം : കോവളം

താലൂക്ക് : നെയ്യാറ്റിൻകര

വില്ലേജ് : കോട്ടുകാൽ

# ആമുഖം

സമഗ്രഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കുന്ന ഘട്ടമാണിത്. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിന് സഹായകരമായ തരത്തിൽ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കേണ്ടതുണ്ട്. അക്കാദമിക മാസ്റ്റർ പ്ലാനിനകത്ത് കുട്ടികളിൽ ഉളവാക്കേണ്ട മൂല്യബോധം വികസിക്കാനുള്ള പ്രവർത്തന പരിപാടികൾ കൂടി ഉൾച്ചേർക്കണം.

കുട്ടികളുടെ പഠനനിലവാരം അറിഞ്ഞുകൊണ്ട് അവർക്കാവശ്യമായ പഠനപിന്തുണ നൽകുക എന്നത് സമഗ്രഗുണമേന്മാ പദ്ധതിയുടെ അനിവാര്യഘടകമാണ്. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഭാഷ, ഗണിതം, ശാസ്ത്രം എന്നിവയിൽ കുട്ടികളുടെ പഠനനില അറിയാനുള്ള പ്രവർത്തനപദ്ധതിയായി പ്രയോജനപ്പെടുത്താവുന്നതാണ്.

വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്രപുരോഗതിക്കായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പ്രധാനാധ്യാപിക.

## പൊതുലക്ഷ്യങ്ങൾ.

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയും ഓരോന്നാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനം, ഉയർന്ന പരിശീലനം എന്നിവ ലഭ്യമാക്കും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
- ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്കു നല്കും. ഇതിനായി പ്രത്യേകം പി.ടി.എ ചേരും.
- ഒന്നാം ക്ലാസ്സുമുതൽ 5-ാം ക്ലാസ്സു വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ്. ആർ. ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
- 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
- മാലിന്യമുക്ത വിദ്യാലയം ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജലനിർമാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- പോക്സോ സംബന്ധമായ ബോധവൽക്കരണം.
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

- കൃഷി, ഔഷധത്തോട്ടം, ഉദ്യാനം സംരക്ഷിക്കുന്നതിനും ശാസ്ത്രീയ രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥിസംഘങ്ങൾ രൂപീകരിക്കൽ.
- രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ ബോധവത്കരണം.

അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ ശാസ്ത്രീയ രീതിയിൽ സംഘടിപ്പിക്കുന്ന വിദഗ്ധ അധ്യാപക കൂട്ടായ്മ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| • ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിടസമുച്ചയം. | • ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കുറവാണ്. |
| • ശാസ്ത്ര ലൈബ്രറി, കമ്പ്യൂട്ടർ പഠനസൗകര്യം. <br> • "ഓരോ കുട്ടിയും ഒന്നാമത്" പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാകുന്നു. | • വായനയ്ക്ക് പ്രോത്സാഹനം നല്കുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ ഉയർത്താൻ സാധിച്ചിട്ടില്ല. |
| • കലാപഠനം, പ്രവൃത്തിപരിചയപഠനം കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • മത്സരപരീക്ഷകളിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. |

- പഠനത്തിൽ പിന്നോക്കാവസ്ഥ യുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ. പ്രത്യേക പരിശീലനവും പിന്തുണയും അർഹിക്കുന്നവർക്കു വ്യക്തിഗത സപ്പോർട്ട്.
- സർഗ്ഗാത്മക വേദികൾ ആശയപ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
- പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ വികേന്ദ്രീകൃതരീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ ഉദ്യാനം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ.

- ഐ.ടി. അധിഷ്ഠിത പഠനം എന്നതിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങൾ ഒരുങ്ങാനായിട്ടില്ല. എല്ലാ അധ്യാപകർക്കുമായി ച്ചിട്ടില്ല.
- കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 25% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.
- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ് അനുഭവപ്പെടുന്നു. സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ചു നൽകാൻ പ്രയാസം നേരിടുന്നു.
- കൃഷിയോട് കുട്ടികൾക്കുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ സ്കൂളിന്റെ പരിസരത്ത് ചെയ്യുന്നതിനുള്ള സ്ഥലപരിമിതി കാരണം സാധിക്കുന്നില്ല.

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
- രസകരമായ ഗണിത ശാസ്ത്രപഠനം, കരചലന ശേഷി എന്നിവയുടെ വികാസവും, നിർമാണവും
- ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- വ്യക്തി ശുചിത്വം പരിസര ശുചിത്വം.
- ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെ

## ഭാഷാ വികസനം.

* എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാകുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ആവശ്യങ്ങൾക്കാവശ്യമായ തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
* കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
* സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
* സ്വന്തമായി ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് കുട്ടി നേടുക.
* മികച്ച വായനാശീലം വളർത്തുക.
* ആസ്വാദന കുറിപ്പ്, ജീവചരിത്ര കുറിപ്പ്, വായനാ കുറിപ്പ്, വിവരണാത്മക കുറിപ്പ് എന്നിവ തയ്യാറാക്കാൻ പ്രാപ്തമാക്കുക.

## ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തമാക്കുക.
* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
* ക്ലാസ്റൂം വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

- സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കാൻ.
- പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.
- ജനാധിപത്യ വേദികൾ ഒരുക്കുക.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കാൻ.
- പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു.

ICT സാധ്യതകൾ പ്രയോജനപ്പെടുത്താൻ.

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക. ഇത്തരം പഠനവുമായി പ്രവൃത്തിപരിചയാനുഭവ

# ആരോഗ്യ കായിക വിദ്യാഭ്യാസം.

- മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പ്രീ ടെസ്റ്റ്<br>. വായനാദിനവുമായി ബന്ധപ്പെട്ട് ജൂൺ 19 മുതൽ ജൂലൈ 7 വരെ വായനാപക്ഷാചരണം ആയി ആചരിക്കുന്നു. "പുസ്തകം എന്റെ ചങ്ങാതി" എന്ന പേരിൽ ഉച്ചയ്ക്ക് 1 മണി മുതൽ 1.15 വരെ class ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ / വായനാകാർഡ് എന്നിവ നല്കി അവ വായിപ്പിക്കുന്നു. | ജൂൺ<br>എല്ലാദിവസവും. | അധ്യാപിക<br>അധ്യാപിക | |
| വിജ്ഞാനവായനാശീലം വളർത്തുക. | എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറി ഉറപ്പാക്കുന്നു. "പിറന്നാൾ പുസ്തകം" പദ്ധതിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും ചെയ്യുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. (1 ഉം 2 ഉം ക്ലാസിൽ വായനാകാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | PTA |
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരങ്ങളൊരുക്കൽ. | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുവർ മാസിക, കയ്യെഴുത്ത് മാസിക) | ഓരോ ടേമിലും | SRG PTA, ക്ലാസ് ടീച്ചർ | PTA |
| അറിവുകൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഒന്നും രണ്ടും ക്ലാസ്സിൽ സചിത്രബുക്ക്, സംയുക്തഡയറി എന്നിവ ചെയ്യുന്നു. അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ പരിചയമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ. | ആഗസ്റ്റ് സെപ്റ്റംബർ<br>ജൂൺ മുതൽ മാർച്ച് വരെ | രക്ഷാകർത്താക്കൾ, ക്ലാസ് ടീച്ചർ.<br>ഭാഷാധ്യാപകർ | |

| | | | | |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ | അധ്യാപിക പഠനത്തിൽ മുന്നാക്കമുള്ള കുട്ടികൾ | |
| ഭാഷാ നൈപുണ്യം സർഗചിന്താശേഷി ദേശീയ വിവേക ബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടു പരിചയത്തെ അടിസ്ഥാനമാക്കി കൂട്ടായി ക്ലാസുകൾ രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും അഭിപ്രായങ്ങൾ എഴുതാനും അവസരം നൽകുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ. | പി.ടി.എ ഭാരവാഹികൾ | |
| വായനാതാൽപര്യം അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാനലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന പരിശീലനം നൽകുന്നു. സംഭാഷണം, കഥ, ശബ്ദവ്യത്യാസം, റോൾപ്ലേ, നാടകം തുടങ്ങിയ വ്യവഹാരരൂപങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി ചെയ്യുന്നു. | വർഷം മുഴുവൻ. | ക്ലാസ് അധ്യാപിക. | |

| | | | | |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസിലാക്കുക. ഭാഷാ നൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം നൽകുന്നു. | വർഷം മുഴുവൻ | സ്കൂൾ ഭാഷാക്ലബ് ക്ലാസ് ടീച്ചർ | |
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയ മറിയിക്കാൻ സഹായിക്കുക. | കുട്ടികൾ സ്വാതന്ത്ര്യദിനം, ഓണം തുടങ്ങിയ ആഘോഷങ്ങളിൽ ക്വിസ് ഉപന്യാസം, പ്രസംഗം, പതിപ്പ് തയ്യാറാക്കൽ തുടങ്ങിയ മത്സരങ്ങളിൽ ഏർപ്പെടുന്നു. | ആഗസ്റ്റ് സെപ്റ്റംബർ. | ടീച്ചർ, സ്കൂൾ S.R.G | PTA |
| വിവിധ ശേഷികളുടെ വികാസം. | ദിനാചരണം. ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. | ആവശ്യാനുസരണം. | SRG അദ്ധ്യാപകർ | MPTA PTA |

# ENGLISH

| Aims | Activities | Duration | Charge | Economic Source |
| --- | --- | --- | --- | --- |
| • Enable all children to communicate with confidence in English. | Classroom communication should be in English.<br>Give more chance to English communication | Academic year | Teachers - students | Nil |
| • Develop Reading and Listening skill | School Library<br>Audio stories<br>News Reading<br>Reading competitions | Academic year | Teachers - students | Nil |
| • Develop writing skill | Complete the stories<br>Complete the conversation<br>Diary writing<br>Thoughts | Academic year | Teachers - students - | Nil |

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന്. | • മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിതോണി, സംഖ്യാകാർഡുകൾ എന്നിവ) | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ. | PTA |
| • ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കമായ ധാരണ കൈവരിച്ചുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം രൂപനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ | |
| • ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടിയെന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഗണിത ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കാൻ. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ. ശില്പശാല. | ജൂൺ മുതൽ ആഗസ്റ്റ് വരെ. | ക്ലാസ് ടീച്ചർ | |
| | | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രോപകരണ ശേഖരങ്ങളുടെ വളർച്ചയ്ക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3, 4, 5) ശാസ്ത്രപരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണങ്ങൾക്ക് തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ | |
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താൽപര്യം മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കൂടി കൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യമിടുന്നത്. | ഫെബ്രുവരി | അദ്ധ്യാപിക ശാസ്ത്രക്ലബ്ബ് | പി.ടി.എ. |

# പ്രവൃത്തി പരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങൾ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, നിർമ്മാണം, ഓഫീസ് ഫയൽ, ബൈന്റിംഗ് ബോർഡ് ചന്ദനത്തിരി നിർമ്മാണം. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | 100 |
| പാഠഭാഗത്തെ ആസ്പദമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | ഒറിഗാമിയിൽ കുട്ടികൾക്ക് പരിശീലനം നൽകൽ, പേപ്പർ ഉപയോഗിച്ച് വിവിധതരം പൂക്കൾ നിർമ്മിക്കാൻ. അതിനാവശ്യമായ പരിശീലനം നൽകൽ | അദ്ധ്യയന വർഷം | അദ്ധ്യാപകർ | |
| കലാഭിരുചി വളർത്തുക. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്താൻ. കുട്ടികളുടെ നേതൃത്വത്തിൽ. | [illegible] | ക്ലാസ് ടീച്ചർ SRG. | |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും നേടാൻ പ്രാപ്തരാക്കുക. | ഫുട്ബോൾ, കബഡി, നാടൻ കളികളായ പന്തുകളി, ഗോലി കളി എന്നിവയ്ക്ക് സഹായകമായ പരിശീലനം നൽകുക. | അധ്യയന വർഷം | HM SRG PTA | |
| ആരോഗ്യ കായിക വിദ്യാഭ്യാസങ്ങൾക്ക് എല്ലാകുട്ടികൾക്കും അവസരം. | PT പിരീഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ് എന്നിവ നൽകുന്നു. അതിനായി അധ്യാപകർക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | SRG | |

## വിവര സാങ്കേതികവിദ്യ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ടേമാടിസ്ഥാനത്തിലും | SITC | |
| • കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | ICT പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. | ജൂൺ ആഗസ്റ്റ് | SITC | |

| | | | |
|---|---|---|---|
| • പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻപറ്റിയാത്തക്കളെ ബോധവാന്മാരാക്കുന്നു. | • ഭൂകമ്പം, കൊടുങ്കാറ്റ്, സുനാമി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ ഭീവനയെക്കുറിച്ച് മനസിലാക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br>• രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രവർത്തനങ്ങൾ നൽകുന്നു. അവരെ ബോധവാന്മാരാക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ |
| സഹജീവിയോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | • പ്രകൃതി ദുരന്തങ്ങൾ സംഭവിച്ചയിടങ്ങളിൽ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിക്കുകയോ അവരുടെ അതിജീവനം വീഡിയോ വഴി കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നു. | വർഷം മുഴുവൻ | അധ്യാപകർ |
| സാമൂഹ്യബോധം വളർത്തൽ. | സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം എന്നി ദിവസങ്ങളിൽ കുട്ടികൾക്ക് ക്വിസ്, പ്രസംഗം എന്നിവ ..... പോസ്റ്റർ നിർമ്മാണം നടത്തുന്നു. | ആഗസ്റ്റ് ജനുവരി മാസം | ക്ലാസ് ടീച്ചർ |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| . സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ ആശയങ്ങൾ ഇവ പരിശീലിക്കാൻ നേടിയെടുക്കാൻ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് രക്ഷിതാവിന്റെ അടിസ്ഥാനപരമായ അറിവ് പരിശോധിക്കുന്നതിന് ചോദ്യാവലികൾ ഓരോ രക്ഷിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| | . നദികൾ, ഭൂപ്രകൃതി, ... സ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ രക്ഷിതാവിനു നൽകുന്നു. | ജൂലൈ ഓഗസ്റ്റ്. | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | . ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ തിരിച്ചറിവ് അടിസ്ഥാനതലം ഉണ്ടാക്കൽ | അക്കാദമിക വർഷം | അധ്യാപിക | |

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്: ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ജൈവവേലി, പൂക്കൾ എന്നിവ കൊണ്ടുള്ള ഉദ്യാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| പരീക്ഷണ കളരി | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ അവതരിപ്പിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ക്ലബ്ബ് അധ്യാപിക | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനപ്രവർത്തനങ്ങളിലും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസിലും യൂണിറ്റുകളിലെ പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ | SRG | |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപെടുവാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ. | വർഷം മുഴുവൻ | സ്കൂൾ | |

| | | | | |
|---|---|---|---|---|
| റീഡേഴ്സ് തിയേറ്റർ | ക്ലാസ്സ് റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ | |
| മികച്ച വായന ശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | പി.ടി.എ പ്രാദേശിക ക്ലബ്ബുകൾ | 1000 |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് മാഗസിൻ ഒരുക്കൽ. | എല്ലാ മാസവും. | ക്ലാസ് ടീച്ചർ | 1000 |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്ന | . വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ വായനാദിനം എന്നിവ ഉൾപ്പെടുത്തി പതിപ്പ് നിർമ്മിക്കൽ. | ജൂലൈ | ക്ലാസ് ടീച്ചർ. | |